**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 319** **23-07-2021 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കൊണ്ടോട്ടി മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് വികസന പദ്ധതികൾ ആവിഷ്കരിച്ചതെന്ന് വിശദമാക്കുമോ; | (എ) | മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി നിയമസഭ മണ്ഡലത്തിൽ കോട്ടാശ്ശേരി കോളനി, മാനീരി കോളനി, എൻ.എച്ച് കോളനി, കൊണ്ടോട്ടി എന്നിവിടങ്ങളിലാണ് അംബേദ്ക്കർ ഗ്രാമപദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) | നിലവിൽ പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം വികസന പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് എന്നും അവയിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്നും വിശദമാക്കുമോ; | (ബി) | കോട്ടാശ്ശേരി കോളനി, മാനീരി കോളനി, കൊണ്ടോട്ടി എൻ.എച്ച് കോളനി എന്നീ കോളനികളുടെ അംബേദ്ക്കർ ഗ്രാമം പദ്ധതിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട് . എസ്റ്റിമേറ്റിലുള്ള പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പൂർത്തിയാക്കാത്ത പദ്ധതികൾക്കുള്ള തടസ്സങ്ങളെന്തെന്നും ഇവ എന്നത്തേക്ക് പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ; | (സി) | ഏജൻസികൾ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതാണ് പ്രധാനമായും പദ്ധതികൾക്കുള്ള തടസ്സം. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | കരാറുകാരുടെ ബില്ലുകൾ മാറി നൽകുന്നതിലെ തടസ്സങ്ങൾ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് പ്രതികൂലമാകുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | പദ്ധതി ഉന്നതതല മോണിറ്ററിംഗിന് വിധേയമാക്കുമോ; വ്യക്തമാക്കുമോ ? | (ഇ) | പദ്ധതി ഉന്നതതല മോണിറ്ററിംഗിന് വിധേയമാക്കുന്നതിന്റെ ഭാഗമായി പദ്ധതി മാനദണ്ഡ പ്രകാരം ജില്ലാകളക്ടർ ചെയർമാനും ജില്ലാ പട്ടികജാതി വികസന ഓഫീസർ കൺവീനറും ബന്ധപ്പെട്ട എം.എൽ.എ ഏജൻസി പ്രതിനിധി, എൽ.എ.എസ്.ജി.ഡി പ്രസിഡന്റ്, വാർഡ് മെമ്പർ തുടങ്ങിയവർ അംഗങ്ങളായ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ